# കറുകക്കളം കുടുംബചരിത്രം

കറുകക്കളം കുടുംബചരിത്രം

എം എം. ജോസഫ് മുളയ്കൽ

എം എം മാത്യു കറുകക്കളം

പ്രസാധകർ
എം എം. ജോസഫ് മുളയ്കൽ
ചങ്ങനാശ്ശേരി

**KABUKAKALAM KUDUMBA CHARITHRAM**
(Malayalam)

Authors :
M. M. JosePh, Mulackal
M. M. Mathew, Karukakalam

First Edition: 1 - 12 - 1993

Printcil al:
Amala Press
KanjiraPally

Copyright: Reserved

Publishcr:

M. M. Joseph Mulackal

## സമർഷണം

ചങ്ങനാശേരി രൂപതയ്ക്കുവേ ിയും, സ്വന്തം റീത്തിൽപ്പെട്ട് മെത്രാനുവേ ിയും, തന്റെ കർമ്മശേഷിക്കൊ ും, സമ്പത്തുകൊ ു, വളരെ ത്യാഗപൂർവ്വം പ്രവർത്തിച്ച്, ആ മഹൽകാര്യം നേടുന്നതുവരെ നിശ്ചായദാർഢ്യത്തോടും, ആത്മാർത്ഥയോടെ ഉറച്ചുനിൽക്കുകയും, അതുപോലെതന്നെ സ്വന്തം കുടുംബത്തിന്റെ ഉത്ഭവവും, വളർച്ചയും ശരിയായി പഠിച്ച് രേഖപ്പെടുത്തി വയ്ക്കുകയും ചെയ്തു കറകക്കള ത്തിൽ ബഹു. ഗീവർഗീസച്ചന്റെ പാവനസ്മരണയ്ക്കായും, അതുപോലെ തന്നെ ഈ ആമുല്യരേഖകൾ അടിസ്ഥാനപ്പെടുത്തി 73 വർഷം മൂൻപ് കാൽനടയായി വളരെ ത്യാഗപൂർവ്വം, കറകക്കളം കൂടുബത്തിന്റെ ബാക്കി ചരിത്രം സമ്പാദിക്കുകകയും ചെയ്ത, സമുദായ സ്നേഹിയായ കറുക ക്കളത്തിലായ മുളയ്ക്കൽ തൊമ്മി മാത്തുവിന്റെ പാവനസ്മരണ യ്ക്കായും ഈ കുടുംബചരിത്രം സമർപ്പിച്ചുകൊള്ളുന്നു.

ത്യാഗമൂർത്തികളായ ഈ ര ു പൂർവ്വപിതാക്കന്മാരേയും സുറിയാ നിസഭയ്ക്കും, പ്രത്യേകിച്ച് കറുക്കളം കുടുംബാംഗങ്ങൾക്കും ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല.

## ദൈവവചനങ്ങൾ

1. അപ്പ പ്ര. 2:38, 41, 42, 45.

"" നിങ്ങൾ പശ്ചാത്തപിക്കുവിൻ, പാപമോചനത്തിനായി യേശുക്രീസ്തുവിന്റെ നാമത്തിൽ ജ്ഞാനസ്താനം സ്വീകരിക്കുവിൻ. പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾ ലഭിക്കും. അവന്റെ വചനം ശ്രവിച്ച വർ ജ്ഞാനസ്താനം സ്വീകരിച്ചു ആ ദിവസം തന്നെ മൂവയിരത്തോളം ആളുകൾ അവരോടുചേർന്നു. അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന, എന്നിവയിൽ സദാ താല്പര്യ

പൂർവ്വം പങ്കുചേർന്നും. അവർ തങ്ങളുടെ സ്വത്തുക്കളും, വസ്തുവകളുംവിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചും"

2. യോഹ. 13: 34, 35

" ഞാൻ ഒരു പുതിയ കല്പന നിങ്ങൾക്കു നൽകുന്നും. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമുെ ക്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് എല്ലാവരും അറുയും".

3. യോഹ. 14 : 23

" യേശുപറഞ്ഞു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനിൽ വാസുമുറപ്പിക്കുകയും ചെയ്യും."

4. 1 യോഹ 3:17

" ലൗകിക സമ്പത്ത് ഉ ായിരിക്കേ ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി ക ിട്ടും, അവനെതിരെ ഹൃദയം അടയ്കന്നേകിൽ അയാളിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളു? കുഞ്ഞമക്കളേ, വാക്കിലും സംസാരത്തിലുംമല്ല നാം സ്നേഹിക്കേ ത്, പ്രത്യുത, പ്രവൃത്തിയിലും സത്യത്തുലമാണ്."

**ആമുഖം**

ഒരു വ്യക്തിയുടെയോ, സമുഹത്തിന്റെയോ വളർച്ച. ജീവാത്മകമാകുന്നത്, സ്വന്തം വ്യക്തിത്വത്തെപ്പറ്റിയും, സമൂഹത്തിന്റെ പാരമ്പര്യ, വിശ്വാസങ്ങളെപ്പറ്റിയും ശരിയായ അവബോധം ഉ കുമ്പോഴാണ്. താൻ ഉൾക്കൊള്ളുന്ന സമൂഹത്തിന്റെ മാഹാത്മ്യത്തെപ്പറ്റി ബോധവാനാകുമ്പോൾ, ആത്മാഭിമാനം വർദ്ധിക്കുകയും, കൂടുതൽ വളർച്ചയ്ക്കു കാരണമായ ഭവിക്കുകയും ചെയ്യും. ഇതുകൊ ാണ് യശഃശരീരനായ കറുകക്കളത്തിൽ ബഹു.ഗീവർഗ്ഗീസച്ചൻ തന്റെ സ്വന്തം സഭയുടെ വ്യക്തിത്വത്തിനും പരമ്പര്യനിലനില്പിനുംവേ ി ത്യാഗപൂർണ്ണതയോടെ പ്രവർത്തിക്കുകയും, കഷ്ടനഷ്ടങ്ങൾ സഹിക്കുകയും ചെയ്തകൊ ് അതു നേടിയെടുക്കുകയും ചെയതതു്. കൂടാതെ തന്റെ കുടുംബ

ത്തിന്റെ ആവിർഭാവവും, വളർച്ചയും ശരിയായി പഠിക്കുകയും. ആ വിവരങ്ങൾ തന്റെ ഡയറിസ് കുറിച്ചുവയ്ക്കുകയും ചെയ്തു.

പിന്നീടുള്ള നമ്മുടെ കുടുബത്തിന്റെ വളർച്ചയുടെ വിവരങ്ങൾ വളരെ ത്യാഗപൂർവ്വം സമ്പാദിക്കുകയു ചെയ്തു കറുകക്കളത്തിലായ മൂളയ്ക്കൽ തൊമ്മി മാത്യുവിന്റെ കയ്യെഴുത്തുപ്രതിയിൽ നിന്നുമാണ് ഈ കുടുബചരിത്രം രചിക്കുവാൻ ഞങ്ങൾക്ക് സാധിച്ചത്. ഇതിൽ പല പോരയ്മകളും കേ ക്കാം. ഈ ചരിത്രരചനയിൽ എല്ലാ വിധത്തിലും സഹകരിച്ചവരോട് ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊ ും ദിവംഗതരാ പൂർവ്വപിതാക്കന്മാരുടെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊ ് ഈ പുസ്തകം കുടുംബാംഗങ്ങളുടെ സമക്ഷം സമർപ്പുക്കുന്നും.

എന്ന്,

1) **എം. എം ജോസഫ്**
കറുകക്കളത്തിലായ മുളയ്ക്കൽ
ചങ്ങനാശ്ശേരി

2) എം.എം. മാത്യു
കറുകക്കളം
ചാമംപതാൽ- വാഴൂർ

ചങ്ങനാശ്ശേരി
16.10.1993

## സൂചിക- ഉള്ളടക്കം


1 കറുകക്കളം കുടുബത്തിന്റെ ഉൽപ്പത്തി
2 കറുകക്കളം കുടുബത്തിലെ തലമുറകൾ
3. കറുകക്കളത്തിൽ ബഹു.ഗീവർഗ്ഗീസച്ചന്റെ ജീവചരിത്രം
4. കറുകക്കളം ഗീർവർഗ്ഗീസച്ചൻ മുതലുള്ള കുടുംബചരിത്രം
5. കറുകക്കളത്തിലായ മുളയ്കൽ ശാഖ
6. കറുകക്കളത്തിലായ പുത്തൻവീട് ശാഖ- ഫാ.ജോൺ കറുകക്കളം

7. കറുകക്കളത്തിലായ പൂതുവീട്ടിൽ ശാഖ

8. കറുകക്കളത്തിൽനിന്നു അരീത്രയിൽ പാർത്ത ശാഖ

9. കറുകക്കളത്തിൽനിന്നു വെട്ടിക്കുഴിപാലിൽ ശാഖ

10. കറുകക്കളത്തിലായ കുറ്റിശ്ശേരി ശാഖ

11. കറ്റിശ്ശേരിയിൽനിന്നും പുത്തേട്ട് ശാഖ

12. പുതുവീട് - കൊച്ചുകളം ശാഖ

13. പുതുവീട് - ചെറുകര ശാഖ

14. കറുകക്കളത്തലായ തോപ്പിൽ ശാഖ

ഈ പുസ്തകത്തിലെ ഭാഷശൈലി, കറുക്കളത്തിലായ മുളയ്കൽ തൊമ്മി മാത്യു ഉപയോഗിച്ച അതേ ഭാഷാരീതിയിൽ തന്നെയാണ്. ഇതിൽ ഉപയോഗിച്ചിരിക്കുന്ന പഴയ പേരുകൾക്ക്- ശരിനാമാങ്ങൾ:-

| | |
|---|---|
| ഇട്ടി = ഇട്ടിയൗസേപ്പ് | തൊമ്മി = തോമസ് |
| കോര=മാത്തു<br>സേപ്പ് | ഇട്ടിയേപ്പ്=ഇട്ടിയൗ |
| മാത്തു= മാത്യു | പാപ്പി = പോൾ |
| കൊച്ചിട്ടിതരകൻ = രാജഭരണ സഹായി | തോമ്മാ = തോമസ് |
| മാത്തൻ= മത്തായി | മത്ത = ജോൺ |
| വർക്കീ= വർഗ്ഗീസ് | ഉലഹന്നൻ=ജോൺ |
| ഇട്ടി= ഇട്ടിയവിര | |

# കുമാങ്കരി - കറുക്കളം

# കുടുംബത്തിന്റെ ഉപത്തി

യശഃശരീരനായ കറുകക്കളത്തിൽ ബഹു. ഗീവർഗീച്ചന്റെ ഡയറിക്കുറിപ്പിൽനിന്നും. ചങ്ങനാശ്ശേരി കറുക്കളത്തിലായ മുളയ്ക്കൽ തൊമ്മി മാത്തു അവർകളുടെ ഡയറിക്കുറിപ്പിൽ നിന്നും സ്വന്ത. അന്വേഷണത്തിൽനിന്നും ശേഖരിച്ച് എഴുതപ്പെട്ടത്:

നിലയ്ക്കൽ, കല്ലേമനയ്ക്കൽ, കല്ലേകടുപ്പ്, വെട്ടിക്കുന്നേൽ പൈനികൽ എന്നീ നാലും മനയ്ക്കൽ നിന്നും, മണർകാട്ട് കുടിയേറിപ്പാർത്തതിൽ കല്ലേമനയ്ക്കൽ

കൃഷ്ണൻ നമ്പുതിരി ഇട്ടി എന്ന പേരിൽ ക്രിസ്തുമതം സ്വീകരിച്ചും ടി ഇട്ടിമുത്ത ഷൻ മണർക്കാട് അമ്പലത്തിന്റെ പടിഞ്ഞാറ് പാർത്തിരുന്നു. ആ കാലത്ത്, ആ അമ്പലത്തിലെ ശാന്തിക്കാരൻ എമ്പ്രാൻ നിത്യവം വെളിക്കിറിങ്ങിരുന്നത് ഇട്ടിമുത്ത ഷന്റെ കളത്തിലായിരുന്നു. ഇതു ഇട്ടിമുത്തഷന്റെ ഭാര്യ കാണുകയും, ഈ ആകാത്ത കാഴ്ച കാണുന്നത് നമ്മുടെ വേദ, മര്യാദയ്ക്ക ചേർന്നതല്ലെന്നു മുത്ത ഷനോട് പറയുകയും ചെയ്തു. നാളെ മുതൽ ഈ അനാവശ്യപ്രവൃത്തി നിർത്തേ ിതിലേയ്ക്ക് എമ്പ്രാനോട് ചെന്നു പറയാനു മുത്തഷനോട് പറഞ്ഞു. അപ്ര കാരം മുത്തഷൻ, എമ്പ്രനോട് പറയുകുയും, അദ്ദേഹം അതു സമ്മത്തിക്കുകയും ചെയ്തു. കുറെനാൾ കഴിഞ്ഞ് വീ ു എമ്പ്രാൻ കളത്തിൽ വെളിക്കിറങ്ങുകയും ചെയ്തു. ആയതിനെ വീ ും മുത്തഷൻ ചോദ്യം ചെയ്തഷോൾ എമ്പ്രാൻ കയർക്കുകയും, അനാവശ്യം പറയുകയും, ഭീഷണിപ്പെടുത്തുകയും ചെയ്തു. ഈ ശാന്തിക്കാരന്റെ ശല്യം സഹിക്കാനാവാതെ, മുത്തഷൻ തന്റെ ഭാര്യയേയും ര ് ആൺമക്കളേയും തനിക്കുള്ള സാമാനങ്ങളുമായി പുറപ്പെട്ട്, വാഴഷള്ളി അമ്പല ത്തുനു സമീപം പടനിലത്തു വന്നു പാർത്തു. പുകയിലകച്ചവടം ചെയ്തു ജീവിച്ചു പോന്നു. ഇക്കാലത്ത് എല്ലാ ഒന്നാംതീയതിയും കുമരകരി കണ്ണനഴിത്തു കൈമൾ വാഴഷള്ളി അമ്പലത്തിൽ കുളിച്ചു തൊഴാൻ വരികയും, അഷോഴെല്ലാം മുത്തഷ നോട് ഒരു ചക്രത്തിനു പുകയില വാങ്ങുകയും പതിവായിരുന്നു, അങ്ങനെ ഒരു ദിവസം പുകയീല വാങ്ങാൻവന്നഷോൾ. മുത്തഷനോട, വെളിച്ചെണ്ണ, നെയ്യ്, മുത ലായവതൊടുവിച്ച് ശുദ്ധിയാക്കിയെടുക്കുന്നതിന് ഒരു മാഷിളടെ കുമരകരിയിൽ ആവശ്യമുെ ന്നും. അതിനുവേ ി പോരാമെങ്കിൽ തന്റെ വക ഒരു പറമ്പും. പുരയു തന്നുകൊള്ളാമെന്നും, എന്നെഷോലം തങ്കളെ നോക്കിക്കൊള്ളാമെന്നും കൈമൾ പറഞ്ഞു. അഷൊൾ മുത്തഷൻ കുമരകരിക്കു പോരാമെന്ന് സമ്മതിക്കു കയും ചെയ്തു. പിറ്റേ മാസം ഒന്നാം തീയതി കൈമൾ തന്റെ വലിയ വള്ളവുമായി വരുകയും അമ്പലത്തിൽ തൊഴുതുകഴിഞ്ഞ് തിരിച്ചുപൊകുമ്പൾ മുത്തഷനെയും ഭാര്യയേയും മക്കലേയും കൂട്ടിക്കൊ ുപോകുകയും, കുമരകരി വലിയകളത്തിൽ പുരവെച്ച് അവരെ പാർഷുക്കുകയും ചെയ്തു. അങ്ങനെ പാർത്തുവരുമ്പോൾ മുത്തഷന്റെ മക്കൾ കോരയേയും ആകനേയും ഇലംപടിക്കാട്ട് മുത്താര് കളിരിഷ യറ്റു വിദ്യയും പഠിഷിക്കുകയും ചെയ്തു. ഇവടെയും മുത്തഷൻ പുകയില കച്ചവടം ചെയ്തുപോന്നു. ഇതികൂടാതെ മുത്തഷൻ വാഴഷള്ളിപടയ്ക്ക പോകുകയും വാഴ ഷള്ളി ഉത്സവത്തിനു വേലതുള്ളുന്നതിനു കൂടുകയും ചെയ്തിരുംന്നു.

ഇങ്ങനെ കഴിയുമ്പോൾ മക്കളായ കോരയും ആകനും വിവാഹം കഴിക്കയും ചെയ്തുയ കുറെക്കാലം കഴിഞ്ഞഷോൾ മൂത്ത മകൻ കോരയേയും ഭാര്യയേയും

മാറ്റി പാർപ്പിക്കുന്നതിനുവേ ി മുത്തപ്പൻ കണ്ണനഴിയത്തു ചെന്ന് കുഞ്ഞമ്മയോട് പറഞ്ഞു. അപ്പോൾ കുഞ്ഞമ്മ, മൂത്തമാപ്പിളേ തെക്കുംകൂർരാജാവ് (തമ്പുരാൻ) മറ്റെന്നാൾ ഇവിടെ എഴുന്നെള്ളുമ്പോൾ ഞാൻ വിവരം അറിയിച്ച് തീരുമാനമെടുക്കാം എന്നു പറഞ്ഞു. അതും പ്രകാരം തെക്കുംകൂർ രാജാവ് കണ്ണനഴിയത്തു എഴുന്നെള്ളി വരുകയും കുഞ്ഞമ്മ ഈ വിവരം തമ്പുരാനെ അറിയിക്കുകയും ചെയ്തു. അപ്പോൾ കിഴക്കുവശത്തെ കറുകക്കളം എന്ന പറമ്പിൽ പാർത്തുകൊള്ളാൻ തമ്പുരാൻ കല്പിക്കുകയും ചെയ്തു അതുപ്രാകാരം മുത്തപ്പൻ കറുക്കളം പുരയിടത്തിൽ ഒരു പുരവച്ച് മകൻ കോരയേയും ഭാര്യേയേയും അവിട താമസിപ്പിച്ചിട്ട് സന്ധ്യയോടെ തിരിച്ചുപോരുകയും ചെയ്തു. പിറ്റദിവസം കറുക്കളത്തിലേയ്ക്ക് ചെന്നപപ്പോൾ മാടത്താനി എന്ന പ്രബലനായ നായർ, മകന്റെ പുര പൊളിച്ചുകള്ളഞ്ഞ വിവരം അറിഞ്ഞു. ഈ വിവരം വളരെ സങ്കടത്തോടുകൂടി മുത്തപ്പൻ കണ്ണനഴിയ്ത്തു ചെന്നു പറയുകയും , ഉടനെതന്നെ തെക്കുംകൂർ തമ്പുരാനും കൈമളും മുത്തപ്പനേയും കൂട്ടി കറുകക്കളത്തിൽ ചെല്ലുകയും ഒരു പുര വെയ്പിക്കുകയും, അതിൽ ഇട്ടിയുടെ മകൻ കോരയെ താമസിപ്പിക്കുകയും ചെയ്തു. തമ്പുരാൻ കറുകക്കളം എന്ന ര ുമുറി പുരയിടവും 5 പറ നിലവും കോര എന്ന ആളിന് പിടിപ്പാട്ട് പതിച്ചുകൊടുക്കുകയും, അതിരുകൾ പത്തലു കുത്തി തിരിച്ചുകൊടുക്കുകയും ചെയ്തു ഇളയ മകൻ ആകനെ വലിയകളം പുരയിടം വിരുത്തിയായി കല്പിച്ചുകൊടുക്കുകയും ചെയ്തു. പിന്നിട് മാടത്താനിയുടെ ശല്യം ഉ ായില്ല. ഇങ്ങനെ കോരവല്യപ്പനു കിട്ടിയ കറുകകള്ളം പുരയിടത്തിൽ ഫാദർ ഗീവർഗ്ഗീസ് കത്തനാർ ഒരു ചെറിയ പള്ളി പണിയിപ്പിച്ചു. പിന്നീട് ഈ പുരയിടം ഗീവർഗ്ഗീസ് കത്തനാർ 1200 രൂപയ്ക്കു വിലയ്ക്ക് വാങ്ങുകയും കുറെകാലം കഴിഞ്ഞ് കുമരങ്കരി വലിയ പള്ളിക്കുവേ ി ഈ സ്ഥലം അരമനയ്ക്ക് എഴുതിക്കൊടുക്കുകയും ചെയ്തു 1964- ൽ പുതിയ പള്ളി ഈ സ്ഥലത്തു സ്ഥാപിച്ചു. പുതിയ പള്ളിക്കു സമീപം കറുകക്കളം തറവാട്ടിലെ അറപ്പുരയുടെ നിലവറ കാണാം.

## കറുകകളം കുടുംബത്തിലെ തലമുറകൾ

**1-ാംതലമുറ** ഇട്ടിമുത്തപ്പൻ 2 ആൺമക്കൾ: പെൺമക്കളില്ല.

**2-ാംതലമുറ** 1 കോര - (കറുകക്കളത്തിൽ പാർത്തു)

2 കുഞ്ഞാകൻ- മക്കളില്ല. കുമരകരി (വലിയകളത്തിൽ) കോരവല്യ ഷന് 2 ആണും 6 പെണ്ണും.

**3-ാംതലമുറ** 1)കൊച്ചിട്ടിതരകൻ (വല്യകളത്തിൽപാർത്തു) 2)മാത്തു- കുമരകര (കറുകക്കളത്തിൽ പാർത്തു)

കൊച്ചിട്ടിതരകൻ മുട്ടാർ കൈപ്പടാറിൽനിന്നും വിവാഹം ചെയ്തു ടിയാന് 3 ആണും 1 പെണ്ണും 4-ാംതലമുറ: ഇട്ടി, ചെറിയാൻമാത്തു

3-ാംതലമുറ- കുമരകരി കറുകക്കളത്തിൽ പാർത്തിരുന്ന മാത്തു വല്യപ്പൻ ചമ്പക്കളത്ത് ഈരേച്ചേരിയിൽ നിന്നും വിവാഹം ചെയ്തിൽ മക്കൾ 7 ആൺക്കുകളും 2 പെൺക്കുട്ടികളും

**4-ാംതലമുറ**

1) കോര, കുമരകരി തെക്കുതലയിൽ പാർത്തു.
2) കുഞ്ഞുമാത്തൻ പറാൽ പുതുവീട്ടിൽ പാർത്തു.
3) കൊച്ചിട്ടി കുമരകരി പൂത്തിൻ പുരയിൽ പാർത്തു
4) വർക്കി പറാൽ തോപ്പിൽ പാർത്തു.
5) കുഞ്ഞുമാത്തു ചങ്ങനാശ്ശേരിയിൽ അരീത്ര പാർത്തു.
6) കുഞ്ഞാകൽ കുമരകരി കറുകക്കളത്തിൽ പാർത്തു.
7) ഫാ. ചാ ി (വൈദികൻ) മരണ-6-5-1856

4-ാം തലമുറ കുമരകരി, കറുകക്കളത്തിലായ തെക്കുതല പാർത്തിരുന്ന കോരവല്യപ്പൻ മിത്രക്കരി തെള്ളിയിൽ നിന്നും വിവാഹം ചെയ്തു. ടി കോരയ്ക് 6 ആൺകുട്ടികളും. 2 പെൺ കുട്ടികളും.

**5-ാംതലമുറ:** 1 കുർയ്യൻ, 2) ചാക്കോ, 3) മാത്തു, 4)ഔസേപ്പ്, 5) ചാ ി, 6) ദേവസ്യം

5-ാംതലമുറയിലെ 3-ാമൻ മാത്തു ചമ്പക്കുളം കോയിക്കിരയിൽനിന്നും വിവാഹം ചെയ്തു കുമരകരി കറുകക്കളത്തിലായ മുളയ്ക്കൽ പാർത്തു. ടി മാത്തു വല്ല്യ ഷന് 1 ആൺകുട്ടിയും(തൊമ്മി) 3 പെണ്ണും.

**6-ാംതലമുറ** തോമ്മി. തുരുത്തി ചിറക്കടവിൽ നിന്നും വിവാഹം ചെയ്തു കുമരകരി കറുകക്കളിലായ മുളയ്കൽ പാർത്തു. ടിയാന് ഒരു മകൻ മാത്യു.